## കാലിക്കറ്റ് സർവകലാശാല വിദൂര വിദ്യാഭ്യാസ വിഭാഗം കലാ-കായിക മേള:

## സോണൽ തല സ്ക്രീനിങ് മത്സരങ്ങൾ

കാലിക്കറ്റ് സർവകലാശാല വിദൂര വിദ്യാഭ്യാസ വിഭാഗം കലാകായിക മേളയിലേക്ക ഓൺലൈൻ രജിസ്ട്രേഷൻ നടത്തിയവർക്കുള്ള സോണൽ സ്ക്രീനിങ് മത്സരങ്ങൾ ജനവരി 26 മുതൽ 29 വരെ നടക്കും.ഫോട്ടോഗ്രാഫി ഒഴികെയുള്ള സ്റ്റേജിതര മത്സരങ്ങളും ഇതോടൊപ്പം സോണകളിൽ നടത്തും. കോഴിക്കോട് & വയനാട് (എ സോൺ), മലപ്പുറം(ബി സോൺ), തൃശ്ശൂർ(സി സോൺ), പാലക്കാട്(ഡി സോൺ) എന്നിങ്ങനെയാണ് സോണൽ മത്സരങ്ങൾ.

ജനവരി 26,27 തീയതികളിൽ ഷട്ടിൽ ബാഡ്മിൻറൺ, ഫുട്ബോൾ മത്സരങ്ങൾ മേഖലാ തലത്തിൽ സ്ക്രീനിങ് നടത്തും. ഭരതനാട്യം, പ്രസംഗം, നാടോടി നൃത്തം(പെൺ), കുച്ചിപ്പുടി, ലളിത സംഗീതം(ആൺ- പെൺ),മോണോആക്ട്, പദ്യം ചൊല്ലൽ(മലയാളം, ഇംഗ്ലീഷ്, അറബിക്), ദേശഭക്തിഗാനം, സംഘഗാനം, നാടൻപാട്ട്, ഒപ്പന, വട്ടപ്പാട്ട്, മാപ്പിളപ്പാട്ട്(ആൺ- പെൺ),തിരുവാതിരകളി എന്നീ സ്റ്റേജിന മത്സരങ്ങളുടെ സ്ക്രീനിങ് ജനവരി 29ന് ആണ്. സ്റ്റേജിതര മത്സരങ്ങൾ(സ്ക്രീനിങ് ഇല്ലാതെ)ജനവരി 28ന് അതത് മേഖലകളിൽ പൂർത്തിയാക്കും.

മേഖലാ തല സ്ക്രീനിങ്ങിൽ തിരഞ്ഞെടുക്കപ്പെടുന്നവർക്കാണ് ജനവരി 31 മുതൽ ഫെബ്രുവരി 4 വരെ സർവകലാശാല ക്യാമ്പസ്സിൽ നടത്തുന്ന കലാ- കായിക മേളയിൽ പങ്കെടുക്കാൻ അർഹതയുണ്ടാവുക. ഫോട്ടോഗ്രാഫി അടക്കമുള്ള മറ്റ് മത്സരങ്ങളിൽ സ്ക്രീനിങ് ഇല്ലാതെ പങ്കെടുക്കാം.

താഴെ പറയുന്ന കേന്ദ്രങ്ങളിലായാണ് സോണൽ തല മത്സരങ്ങൾ:

| സോണകൾ | ഷട്ടിൽ ബാഡ്മിൻറൺ & ഫുട്ബോൾ മത്സരങ്ങൾ | സ്റ്റേജ് മത്സരങ്ങൾ | സ്റ്റേജിതര മത്സരങ്ങൾ |
|---|---|---|---|
| എ സോൺ (കോഴിക്കോട് & വയനാട്) | ജെ .ഡി .റ്റി സ്റ്റേഡിയം, കോഴിക്കോട് | ആർട്സ് & സയൻസ് കോളേജ്, കൊയിലാണ്ടി | ആർട്സ് & സയൻസ് കോളേജ്, കൊയിലാണ്ടി |
| ബി സോൺ (മലപ്പുറം) | എം.എസ്. പി , മലപ്പുറം | ക്ലാസിക് കോളേജ്, നിലമ്പൂർ | നളന്ദ കോളേജ് , കരുവാരകുണ്ട് |
| സി സോൺ (തൃശ്ശൂർ) | ലയൺസ് ഇൻഡോർ സ്റ്റേഡിയം, കുന്നംകുളം | ചിന്മയ കോളേജ്, തൃശ്ശൂർ | ശക്തൻ കോളേജ്, തൃശ്ശൂർ |
| ഡി സോൺ (പാലക്കാട്) | ലക്ഷ്മി നാരായണാ വിദ്യാനികേതൻ, ഒറ്റപ്പാലം | ലക്ഷ്മി നാരായണാ വിദ്യാനികേതൻ, ഒറ്റപ്പാലം | ലക്ഷ്മി നാരായണാ വിദ്യാനികേതൻ, ഒറ്റപ്പാലം |

സോണൽ തല സ്ക്രീനിംഗിനു ശേഷമുള്ള മത്സരങ്ങൾ ജനവരി 31 മുതൽ ഫെബ്രുവരി 4 വരെ സർവകലാശാല ക്യാമ്പസ്സിൽ നടക്കും. മത്സരാർഥികൾ സോണൽ തല സ്ക്രീനിങ്ങിനും യൂണിവേഴ്സിറ്റി തല മത്സരങ്ങൾക്കും പങ്കെടുക്കുന്നതിന് ഓൺലൈൻ രജിസ്ട്രേഷൻ നടത്തിയ പ്രിൻറൗട്ടും വിദൂര വിദ്യാഭ്യാസ വിഭാഗം ഐ ഡി കാർഡും ഹാജരാകണം.

സോണൽ തല സ്ക്രീനിങ് മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് താഴെ പറയുന്ന നമ്പറുകളിൽ ബന്ധപ്പെടേണ്ടതാണ്:

കോഴിക്കോട് & വയനാട് (എ സോൺ )- 9847439996, 9847972790,9846056638

മലപ്പുറം (ബി സോൺ )- 9447927911, 9633907770, 9447423050

തൃശ്ശൂർ (സി സോൺ )- 9895865424, 9847055506

പാലക്കാട്(ഡി സോൺ)- 9961333503, 9847544570

സോണൽ തല സ്ക്രീനിങ് മത്സരങ്ങളുടെ കൂടുതൽ വിശദാംശങ്ങൾക്കായി എസ്. ഡി . ഇ എൻക്വയറിയുമായി ബന്ധപ്പെടുക നമ്പർ:04942407356.

ഡയറക്ടർ

വിദൂര വിദ്യാഭ്യാസ വിഭാഗം